**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ ജീവനക്കാര്യം - പത്തനംതിട്ട ഇടയാറന്മുള ഹയർ സെക്കൻഡറി സ്കൂളിലെ എച്ച്.എസ്.റ്റി. (പി.എസ്.) ശ്രീമതി റിൻസു സൂസൻ ജോർജ് സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

**സ.ഉ.(സാധാ) നം.2405/2024/GEDN തീയതി, തിരുവനന്തപുരം, 25-03-2024**

---

പരാമർശം:-

1. പത്തനംതിട്ട ഇടയാറന്മുള എ.എം.എം. ഹയർ സെക്കൻഡറി സ്കൂളിലെ എച്ച്.എസ്.റ്റി. (പി.എസ്.) ശ്രീമതി റിൻസു സൂസൻ ജോർജ് സമർപ്പിച്ച 31/12/2022-ലെ റിവിഷൻ ഹർജി.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 03/04/2023-ലെ ഡിജിഇ/10281/2019-ഇ.റ്റി-3 നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട ഇടയാറന്മുള എ.എം.എം.എച്ച്.എസ്.ലെ എച്ച്.എസ്.റ്റി. (ഫിസിക്കൽ സയൻസ്) അധ്യാപികയായ ശ്രീമതി സീനാ ജോയ് 11/12/2017 മുതൽ 28/02/2022 വരെ ശൂന്യവേതനാവധി എടുത്ത ഒഴിവിൽ ശ്രീമതി റിൻസു സൂസൻ ജോർജ്ജിനെ എച്ച്.എസ്.റ്റി. (ഫിസിക്കൽ സയൻസ്) തസ്തികയിൽ 02/07/2018 മുതൽ 24/02/2022 വരെ മാനേജർ ശമ്പളസ്കെയിലിൽ നിയമിക്കുകയുണ്ടായി. എന്നാൽ സ.ഉ.നമ്പർ 199/2016 തീയതി 3/12/2016 പ്രകാരം ഒരു വർഷത്തിൽ കൂടുതലുള്ള അവധി ഒഴിവിലേക്ക് സംരക്ഷിതാദ്ധ്യാപകരെയാണ് നിയമിക്കേണ്ടത് എന്നുള്ളതിനാൽ ശ്രീമതി റിൻസു സൂസൻ ജോർജിന്റെ നിയമനം വിദ്യാഭ്യാസ അധികാരികൾ നിരസിക്കുകയുണ്ടായി.

**2.** തുടർന്ന് ഹർജിക്കാരിക്ക് എം.റ്റി. & ഇ.എ. സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റ് സ്ഥിര നിയമനം നൽകിയത് മൂലം 01.03.2020 മുതൽ പുതിയ ജോലിയിൽ പ്രവേശിക്കുന്നതിനായി വിടുതൽ ചെയ്തു. തുടർന്ന് ഹർജിക്കാരിയുടെ ആദ്യത്തെ നിയമന ഉത്തരവ് നിലനിൽക്കെ മാനേജർ 2.07.2018 മുതൽ 31.03.2019 വരെയും 6.6.2019 മുതൽ 29.02.2020 വരെയും ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുകയുണ്ടായി. ടി ദിവസ വേതനടിസ്ഥാനത്തിലുള്ള നിയമനങ്ങൾക്ക് അംഗീകാരം നൽകണമെന്നതാണ് ഹർജിക്കാരിയുടെ ആവശ്യം.

**3.ടി വിഷയത്തിന്മേലുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ചുവടെപ്പറയും പ്രകാരമാണ്.**

"ഇടയാറന്മുള എ.എം.എം.എച്ച്.എസ്.ലെ എച്ച്.എസ്.റ്റി. (ഫിസിക്കൽ സയൻസ്) അധ്യാപികയായ ശ്രീമതി സീനാ ജോയ് 11/12/2017 മുതൽ 24/02/2022 വരെ

ശൂന്യവേതനാവധി എടുത്ത ഒഴിവിലാണ് ശ്രീമതി റിൻസു സൂസൻ ജോർജ്ജിനെ എച്ച്.എസ്.റ്റി. (ഫിസിക്കൽ സയൻസ്) തസ്തികയിലേക്ക് 02/07/2018 മുതൽ 24/02/2022 വരെ മാനേജർ ശമ്പളസ്കെയിലിൽ നിയമിച്ചത്. എന്നാൽ സ.ഉ.നമ്പർ 199/2016 തീയതി 3/12/2016 പ്രകാരം ഒരു വർഷത്തിൽ കൂടുതലുള്ള അവധി ഒഴിവിലേക്ക് സംരക്ഷിതാദ്ധ്യാപകരെയാണ് നിയമിക്കേണ്ടത് എന്നുള്ളതിനാൽ ശ്രീമതി റിൻസു സൂസൻ ജോർജിന്റെ നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും നിരസിക്കുകയുണ്ടായി.

മേൽ നിരസന ഉത്തരവിന് എതിരെ മാനേജർ പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപ്പീൽ നൽകിയെങ്കിലും ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നിരസന ഉത്തരവ് ശരിവച്ചുകൊണ്ട് വിദ്യാഭ്യാസ ഉപഡയറക്ടറും അപ്പീൽ നിരസിക്കുകയുണ്ടായി. ഈ നിരസന ഉത്തരവുകൾക്ക് എതിരെ മാനേജർ ഈ കാര്യാലയത്തിൽ റിവിഷൻ ഹർജി സമർപ്പിക്കുകയുണ്ടായി. സ.ഉ.നമ്പർ 199/2016 തീയതി 03/12/2016 പ്രകാരം ഒരു വർഷത്തിൽ കൂടുതലുള്ള അവധി ഒഴിവിലേക്ക് സംരക്ഷിതാദ്ധ്യാപകരെ പരിഗണിക്കാതെ നടത്തിയ നിയമനം പരിഗണനാർഹം അല്ല എന്ന കാരണത്താൽ റിവിഷൻ അപ്പീൽ ഈ കാര്യാലയത്തിൽ നിന്നും നിരസിച്ചിട്ടുള്ളതുമാണ്.

ശ്രീമതി സീനാ ജോയി 11/12/2017 മുതൽ 24/02/2022 വരെ എടുത്ത ശൂന്യവേതനാവധിയിലാണ് ശ്രീമതി റിൻസു സൂസൻ ജോർജ്ജിനെ 02/07/2018 മുതൽ 24/02/2022 വരെ എച്ച്.എസ്.റ്റി. (ഫിസിക്കൽ സയൻസ്) തസ്തികയിലേയ്ക്ക് നിയമനം നടത്തിയത്. സ.ഉ. നമ്പർ 199/2016 തീയതി 03/12/2016 പ്രകാരം ഒരു വർഷത്തിൽ കൂടുതലുള്ള അവധി ഒഴിവുകളിൽ സംരക്ഷിതാദ്ധ്യാപകരെ പരിഗണിക്കാതെ മാനേജർ നടത്തിയ പുതിയ നിയമനത്തിന് അംഗീകാരം നൽകുവാൻ കഴിയുകയില്ല. എന്നാൽ പിന്നീട് സർക്കാർ പുറപ്പെടുവിച്ച 06/02/2021-ലെ സ.ഉ.(പി) നം.4/21/പൊവിവ-ന്റെയും 25/02/2021-ലെ സർക്കാർ കത്ത് നമ്പർ ജെ2/87/21/പൊവിവ-ന്റെയും, ഈ കാര്യാലയത്തിലെ 26/02/2021-ലെ എച്ച്2/19500/19 നമ്പർ സർക്കുലറിലെ ഖണ്ഡിക (4) പ്രകാരം 2016-17 മുതൽ 19-20 വരെ അവധി ഒഴിവുകളിൽ നിയമിക്കപ്പെട്ടവർക്ക് മേൽ സർക്കാർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നിയമന തീയതി മുതൽ നോഷണൽ ആയി അംഗീകാരം നൽകാവുന്നതാണെന്നും, 06/02/2021 മുതൽ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നല്കാവുന്നതാണെന്നും, പരാമർശം ഉണ്ട്."

**4.** സർക്കാർ ഈ വിഷയം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും നിലവിലുള്ള സർക്കാർ ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ഇടയാറന്മുള എ.എം.എം.എച്ച്.എസ്.ലെ എച്ച്.എസ്.റ്റി. (ഫിസിക്കൽ സയൻസ്) അധ്യാപികയായ ശ്രീമതി സീനാ ജോയ് 11/12/2017 മുതൽ 28/02/2022 വരെ ശൂന്യവേതനാവധി എടുത്ത ഒഴിവിൽ ശ്രീമതി റിൻസു സൂസൻ ജോർജ്ജിനെ എച്ച്.എസ്.റ്റി. (ഫിസിക്കൽ സയൻസ്) തസ്തികയിൽ 02/07/2018 മുതൽ 24/02/2022 വരെ മാനേജർ ശമ്പളസ്കെയിലിൽ നിയമിക്കുകയുണ്ടായി. എന്നാൽ, സ.ഉ.നമ്പർ 199/2016 തീയതി 3/12/2016 പ്രകാരം ഒരു വർഷത്തിൽ കൂടുതലുള്ള അവധി ഒഴിവിലേക്ക് സംരക്ഷിതാദ്ധ്യാപകരെയാണ് നിയമിക്കേണ്ടത് എന്നുള്ളതിനാൽ ശ്രീമതി റിൻസു സൂസൻ ജോർജിന്റെ നിയമനം വിദ്യാഭ്യാസ അധികാരികൾ നിരസിക്കുകയുണ്ടായി.

**5.** തുടർന്ന്, ഹർജിക്കാരിക്ക് എം റ്റി & ഇ എ സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മന്റ് സ്ഥിര

നിയമനം നൽകിയത് മൂലം 01.03.2020 മുതൽ പുതിയ ജോലിയിൽ പ്രവേശിക്കുന്നതിനായി വിടുതൽ ചെയ്തു. തുടർന്ന് ഹർജിക്കാരിയുടെ ആദ്യത്തെ നിയമന ഉത്തരവ് നിലനിൽക്കെ മാനേജർ 2.07.2018 മുതൽ 31.03.2019 വരെയും 6.6.2019 മുതൽ 29.02.2020 വരെയും ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുകയുണ്ടായി. ടി ദിവസ വേതനടിസ്ഥാനത്തിലുള്ള നിയമനങ്ങൾക്ക് അംഗീകാരം നൽകണമെന്നാണ് ഹർജിക്കാരി ആവശ്യപ്പെട്ടിരിക്കുന്നത്.

**6 .** ശ്രീമതി റിൻസു സൂസൻ ജോർജ്ജിനെ എച്ച്.എസ്.റ്റി. (ഫിസിക്കൽ സയൻസ്) തസ്തികയിലേക്ക് 02/07/2018 മുതൽ 24/02/2022 വരെ മാനേജർ ശമ്പളസ്കെയിലിൽ നിയമിച്ചെങ്കിലും ടിയാരിക്ക് മറ്റൊരു സ്കൂളിൽ സ്ഥിരനിയമനം ലഭിച്ചതിനാൽ 01.03.2020 തീയതിയിൽ വിടുതൽ ചെയ്യുകയുണ്ടായി. അതിനാൽ ഹർജിക്കാരി 2.07.2018 മുതൽ 29.02.2020 വരെ മാത്രമേ ഇടയാറന്മുള എ.എം.എം. ഹയർ സെക്കൻഡറി സ്കൂളിൽ എച്ച്.എസ്.റ്റി. (ഫിസിക്കൽ സയൻസ്) തസ്തികയിൽ സേവനമനുഷ്ഠിച്ചിട്ടുള്ളു.

**7 .** സ.ഉ.(പി)നം.4/21/പൊവിവ തീയതി 06/02/2021 ഖണ്ഡിക 4(2), 25/02/2021-ലെ സർക്കാർ കത്ത് നമ്പർ ജെ2/87/20/പൊവിവ, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ 26/02/2021-ലെ എച്ച്2/19500/19 നമ്പർ സർക്കുലറിലെ ഖണ്ഡിക (4) എന്നിവ പ്രകാരം 2016-17 മുതൽ 19-20 വരെ അവധി ഒഴിവുകളിൽ നിയമിക്കപ്പെട്ടവർക്ക് മേൽ സർക്കാർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നിയമനത്തീയതി മുതൽ നോഷണൽ ആയി അംഗീകാരം നൽകാവുന്നതും 06/02/2021 മുതൽ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നല്കാവുന്നതുമാണ്.

**8.** മേൽ സാഹചര്യത്തിൽ, ഇടയാറന്മുള എ.എം.എം.എച്ച്.എസ്.ലെ എച്ച്.എസ്.റ്റി. (ഫിസിക്കൽ സയൻസ്) അധ്യാപികയായ ശ്രീമതി സീനാ ജോയ് 11/12/2017 മുതൽ 28/02/2022 വരെ ശൂന്യവേതനാവധി എടുത്ത ഒഴിവിൽ ശ്രീമതി റിൻസു സൂസൻ ജോർജ്ജിനെ എച്ച്.എസ്.റ്റി. (ഫിസിക്കൽ സയൻസ്) തസ്തികയിൽ 02/07/2018 മുതൽ 24/02/2022 വരെ നിയമിച്ചുവെങ്കിലും, ടിയാരിക്ക് മറ്റൊരു സ്കൂളിൽ സ്ഥിര നിയമനം ലഭിച്ച് 01.03.2020 തീയതിയിൽ വിടുതൽ ചെയ്തതിനാൽ, ടിയാരിയുടെ 2.07.2018 മുതൽ 29.02.2020 വരെയുള്ള നിയമനം 06/02/2021-ലെ സ.ഉ.(പി)നം.4/21/പൊവിവ നമ്പർ ഉത്തരവ് ഖണ്ഡിക 4(2), 25/02/2021-ലെ സർക്കാർ കത്ത് നമ്പർ ജെ2/87/20/പൊവിവ, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ 26/02/2021-ലെ എച്ച്2/19500/19 നമ്പർ സർക്കുലറിലെ ഖണ്ഡിക (4) എന്നിവ പ്രകാരം നോഷണൽ ആയി അംഗീകാരിക്കുവാൻ തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി,

അപ്രകാരം പരാമർശം 1 റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REENA O
അണ്ടർ സെക്രട്ടറി

ശ്രീമതി റിൻസു സൂസൻ ജോർജ്ജ്, എച്ച്.എസ്.റ്റി. (ഫിസിക്കൽ സയൻസ്), എ.എം.എം. ഹയർ സെക്കൻഡറി സ്കൂൾ, ഇടയാറന്മുള, പത്തനംതിട്ട-689 532.
മാനേജർ, എ.എം.എം. ഹയർ സെക്കൻഡറി സ്കൂൾ, ഇടയാറന്മുള, പത്തനംതിട്ട-689 532.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവല്ല, പത്തനംതിട്ട-689 101.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തിരുവല്ല-689 101.
പൊതുവിദ്യാഭ്യാസ (ജെ.എ) വകുപ്പ് (05.01.2024-ലെ ജെ.എ3/287/2023/പൊ.വി.വ. കുറിപ്പ് പ്രകാരം)
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Anil Kumar P
Date: 25-03-2024 15:26:02
സെക്ഷൻ ഓഫീസർ